# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 264 20/03/2015 -ൽ മറുപടിക്ക്

### മലയാള ഭാഷ ശ്രേഷ്ഠഭാഷാ

**ചോദ്യം**

ശ്രീ. പാലോട് രവി
ശ്രീ.കെ. ശിവദാസൻ നായർ
ശ്രീ.ജോസഫ് വാഴയ്ക്കൻ
ശ്രീ.എം.പി. വിൻസെന്റ്

(എ) മലയാള ഭാഷ പഠിപ്പിക്കാത്ത സ്കൂളുകൾ ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകാമോ

(ബി) സർക്കാരിതര സിലബസ് പഠിപ്പിക്കുന്ന സ്കൂളുകളിൽ മാതൃഭാഷ നിർബന്ധമാക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ ;

(സി) സി.ബി.എസ്.ഇ , ഐ.സി.എസ്.ഇ സ്കൂളുകളിൽ മലയാള ഭാഷ ഒന്നാം ക്ലാസ് മുതൽക്ക് നിർബന്ധമായി പഠിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

**ഉത്തരം**

ശ്രീ. പി.കെ.അബ്ദു റബ്ബ്
(ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി)
01.09.2011 -ലെ സ.ഉ(പി) നം.183/2011/പൊ.വി. പ്രകാരം സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ പാഠ്യപദ്ധതി തയ്യാറാക്കുന്നത് എൻ.സി.ഇ.ആർ.ടി ആകയാൽ ഇവരുടെ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുവാൻ സംസ്ഥാന സർക്കാരിന് അധികാരമില്ലെന്ന ബഹു. ഹൈക്കോടതിയുടെ WP(C) No.2435/

2012(ഡി) ഉത്തരവിൽ പരാമർശിച്ചിരിക്കുന്നതിനാൽ മലയാളഭാഷാപഠനത്തിന് ഇത്തരം സ്ഥാപനങ്ങളിൽ സാങ്കേതിക ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടിട്ടുണ്ട്. മാത്രവുമല്ല പ്രസ്തുത ഉത്തരവ് പ്രകാരം സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകളിൽ മലയാളപഠനം നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും ഇത്തരം സ്കൂളുകളിൽ മലയാളഭാഷ ഒന്നാം ക്ലാസു മുതൽ പഠിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**